ഇതിനകം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം വിതരണം ചെയ്യുന്നതിന്, 2003-04-ൽ ആകെ വേണ്ട തുക 1931.71 ലക്ഷം രൂപയാണ്. ആയതിന് നാളിതുവരെ 1020.86 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി തുക മുഴുവനും ധനസഹായം വിതരണം ചെയ്യുന്നതിനായി ജില്ലകൾക്ക് അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള 18217 ധനസഹായത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 910.85 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനവഴി അനുവദിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽവകുപ്പിലെ തൊഴിലാളി ക്ഷേമ പദ്ധതികൾ

*25 [265] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
„ പി. ജയരാജൻ:
„ വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ നടപ്പാക്കുന്ന തൊഴിലാളി ക്ഷേമപദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും പദ്ധതിയുടെ ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിയുടെയെന്നും എത്ര കുടിശ്ശികയായിട്ടുണ്ട് എന്നും അറിയിക്കാമോ;

(സി) ഏതെങ്കിലും തൊഴിൽ മേഖലയിൽ പുതുതായി ക്ഷേമ പദ്ധതി നടപ്പിൽ വരുത്താനുദ്ദേശമുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിൽ എന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലുടമാവിഹിതം കൃത്യമായി ലഭിക്കാത്തതിനാൽ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ നടത്തിപ്പ് പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ എന്ന് വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) തൊഴിലാളി ക്ഷേമനിധി പദ്ധതികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഒന്നും തൽക്കാലം പരിഗണനയിലില്ല.

(ബി) ഉണ്ട്. കർഷക തൊഴിലാളി പെൻഷൻ 1-5-2000 മുതൽ 31-12-2003 വരെയും കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ 60 വയസ്സ് കഴിഞ്ഞ ചുരുട്ട് തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ 6/2003 മുതൽ 11/2003 വരെയും 1988-നു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കും സ്റ്റാഫിനും നൽകി വരുന്ന പെൻഷൻ 2002 ഫെബ്രുവരി മുതൽ 2003 ഡിസംബർവരെ 23 മാസത്തേയും കൈത്തറി തൊഴിലാളികൾക്കുള്ള പെൻഷൻ 18 മാസത്തേയും കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിലെ അലക്ക്, ബാർബർ തൊഴിലാളികൾക്കായി പ്രത്യേകം പ്രത്യേകം ക്ഷേമപദ്ധതി തൊഴിലാളി ബോർഡിന്റെ കീഴിൽ ഉടനെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ കടകളിലേയും, വാണിജ്യ സ്ഥാപനങ്ങളിലേയും, തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതി, മരം കയറ്റ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതി, ആട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമപദ്ധതി എന്നിവയും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) ഉണ്ട്. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2002 ഫെബ്രുവരിയിൽ ഉണ്ടായ ബഹു. കേരളാ ഹൈക്കോടതി വിധിയെത്തുടർന്ന് വ്യാപാരികളിൽനിന്നും അംശദായം പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത് പ്രസ്തുത ക്ഷേമപദ്ധതിയുടെ നടത്തിപ്പിൽ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്.

പന്തളം മന്നം ഷുഗർ മില്ലിന്റെ അവസ്ഥ

*26 [266] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മന്നം ഷുഗർ മിൽ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) പഞ്ചസാര ഉൽപ്പാദനം സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വ്യവസായ സംരംഭത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മറ്റേതെങ്കിലും വ്യവസായ സംരംഭത്തിന് പദ്ധതി ഉണ്ടോ എന്നറിയിക്കാമോ:

(സി) പന്തളം മന്നം ഷുഗർ മില്ലിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ടു ചെയ്യാനായി നിയോഗിക്കപ്പെട്ടിട്ടുള്ള എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ മന്നം ഷുഗർ മില്ലിനെ സംബന്ധിച്ച പുനരുദ്ധാരണ നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാനത്ത് ചാരായ നിരോധനം ഏർപ്പെടുത്തിയ ശേഷം മില്ലിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കയാണ്. ജീവനക്കാരെല്ലാം വി. ആർ. എസ്. സ്വീകരിച്ചു പിരിഞ്ഞു പോയിട്ടുണ്ട്. ഷുഗർ ഡിവിഷനിലെ മെഷീനുകളെയെല്ലാം വിൽപ്പന നടത്തിയിട്ടുണ്ട്. മില്ലിന്റെ അധീനതയിലുള്ള സ്ഥലം സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന് പാട്ടത്തിനു നൽകിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly